പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1139 — 05/03/2020 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. പി.ടി. തോമസ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് സി.ബി.എസ്.ഇ.യുടെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടി സർക്കാർ ഏതെങ്കിലും തരത്തിലുള്ള അനുമതിയോ സർട്ടിഫിക്കറ്റോ നൽകേണ്ടതുണ്ടോ; എങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾക്ക് സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ അഫിലിയേഷൻ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന എൻ.ഒ.സി യും അംഗീകാരവും ആവശ്യമാണ്. |
| (ബി) സംസ്ഥാനത്ത് സി.ബി.എസ്.ഇ.യുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. ഇത്തരം സ്കൂളുകൾക്ക് അഫിലിയേഷൻ നേടുന്നതിന് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി ആവശ്യമായതിനാൽ ആയത് ലഭിക്കുന്നതിനായിട്ടുള്ള അപേക്ഷ സമർപ്പിക്കുവാൻ ജി.ഒ.(എം.എസ്)നം.22/2019/ പൊ.വി.വ തീയതി 01.03.2019 പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം ലഭിച്ചിട്ടുള്ള അപേക്ഷകൾ (പ്രൊപ്പോസലുകൾ) സർക്കാർ പരിശോധിച്ച് എൻ.ഒ.സി യും അംഗീകാരവും നൽകി വരുന്നു. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്കായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 31.05.2020 വരെയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ സർക്കാരിന് സമർപ്പിക്കേണ്ട അവസാന തീയതി 30.06.2020 ആയും നിശ്ചയിച്ചിട്ടുണ്ട്. ഈ നടപടി ക്രമം പൂർത്തിയായതിന് ശേഷം മാത്രമേ സി.ബി.എസ്.ഇ യുടെ അഫിലിയേഷനും സർക്കാരിന്റെ എൻ.ഒ.സിയുമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണവും മറ്റു വിവരങ്ങളും കൃത്യമായി ശേഖരിക്കുവാൻ സാധിക്കുകയുള്ളൂ. |

(സി) ഇങ്ങനെ സി.ബി.എസ്.ഇ.യുടെ അംഗീകാരമില്ലാതെ പ്രവർത്തിച്ച് കുട്ടികൾക്ക് വർഷാവസാന പരീക്ഷ എഴുതാൻ കഴിയാതെയാക്കിയ സ്കൂളുകൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ട്. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ വരുന്ന അരൂജാസ് ലിറ്റിൽ ഫ്ലവർ മൂലങ്കുഴി, കൊച്ചി എന്ന സ്കൂളിലെ കുട്ടികൾക്കാണ് 2020 ലെ പത്താം ക്ലാസ്സ് (CBSE) പരീക്ഷ എഴുതുവാൻ കഴിയാതെ വന്നിട്ടുള്ളത്.

(ഡി) സി.ബി.എസ്.ഇ. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ കണ്ടെത്തുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള നടപടികൾ എന്തൊക്കെയാണ്; ആയത് ശക്തമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(ഡി) സി.ബി.എസ്.ഇ സിലബസിലും സംസ്ഥാന സിലബസിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് അടച്ച്പൂട്ടൽ നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ അടച്ചു പൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തി വയ്ക്കുകയും ഇത്തരം സ്കൂളുകൾക്ക് സി.ബി.എസ്.ഇ അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി യ്ക്ക വേണ്ടി അപേക്ഷ സമർപ്പിക്കുവാൻ 01.03.2019 ലെ ജി.ഒ.(എം.എസ്)നം.22/2019/ പൊ.വി.വ തീയതി പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് എൻ.ഒ.സി യും അംഗീകാരവും നൽകി വരുന്നു. ഈ നടപടി പൂർത്തിയാകുന്ന തോടൊപ്പം ഇനിയും അപേക്ഷ നൽകാതെയോ അംഗീകാരം ലഭിക്കാതെയോ ഉള്ള സ്കൂളുകൾ ഉണ്ടെങ്കിൽ അവ അടച്ചുപൂട്ടുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ